# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 29, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി**

**കലാകാര പെൻഷൻ**

*121 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർദ്ധനരായ കലാകാരന്മാർക്കും സാഹിത്യകാരൻമാർക്കും പ്രതിമാസ സഹായമായി നൽകുന്ന കലാകാര പെൻഷൻ നിലവിൽ എത്ര പേർക്ക് നൽകുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രതിമാസം എത്ര തുകയാണ് പെൻഷൻ നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(സി) സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായമായി ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് എത്ര തുക അനുവദിച്ചുവെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

**നാലുവർഷ ബിരുദ പഠന ക്രമീകരണം**

*122 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമിൽ തൊഴിൽ രംഗത്തേക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായും ഗവേഷണ രംഗത്തേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് അതിനനുസൃതമായും തങ്ങളുടെ ബിരുദ പഠനം ക്രമീകരിക്കാൻ അവസരമുണ്ടോ; വിശദാംശം നൽകാമോ;

(ബി) നാലുവർഷ പ്രോഗ്രാമിൽ അവസാന വർഷത്തെ പ്രോജക്ട്/ഇന്റേൺഷിപ്പ് എങ്ങനെയാണ് വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി ചെയ്യാൻ സാധിക്കുക എന്ന് വിശദമാക്കാമോ;

(സി) നാലുവർഷ ബിരുദ പ്രോഗ്രാമിന് ശേഷം പി. ജി. പഠനം നടത്താതെ തന്നെ പി. എച്ച്. ഡി. ഗവേഷണ മേഖലയിലേക്ക് പ്രവേശിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>നാലു വർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പ്</u>

*123 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള സർവകലാശാലകളിൽ നടപ്പിലാക്കുന്ന നാലു വർഷ ബിരുദ സമ്പ്രദായത്തിലെ പരീക്ഷകളുടെ നടത്തിപ്പിൽ സമയ ക്ലിപ്തത പാലിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സാഹചര്യത്തിൽ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഫലപ്രഖ്യാപനം വേഗത്തിൽ ക്രമീകരിക്കുന്നതിന് സർവകലാശാലകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രധാന പരീക്ഷകളിൽ നിശ്ചിത മിനിമം നിലവാരം നേടാൻ കഴിയാതെ പോകുന്ന വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി പരീക്ഷകൾ വേഗത്തിൽ നടത്തി ഫലം പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) നാലു വർഷ ബിരുദ കോഴ്സിന് ചേരുന്ന വിദ്യാർത്ഥികൾക്ക് ഉടർ പഠനത്തിനായി മറ്റ് സർവകലാശാലകളിലേയ്ക്ക് മാറുന്നതിന് അവസരമുണ്ടോ; വിശദമാക്കാമോ?

## <u>കാർഷിക മേഖലയിൽ സ്മാർട്ട് കൃഷിരീതികൾ</u>

*124 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്മാർട്ട് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളിൽ ഉപയോഗിച്ചു വരുന്ന നവീന കാർഷിക സാങ്കേതികവിദ്യ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കർഷകർക്ക് സ്മാർട്ട് കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം സാമ്പത്തിക-നൈപുണ്യവികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്; വിശദമാക്കാമോ?

<u>**കേര പദ്ധതി**</u>

*125 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ നവീകരണത്തിനായി നടപ്പാക്കുന്ന കേര പദ്ധതിക്കായി ലോകബാങ്കിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേര പദ്ധതി നടപ്പാക്കാൻ ലോകബാങ്ക് നൽകിയ തുക വകമാറ്റി ചെലവാക്കിയെന്നത് വസ്തുതയാണോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വേഗത്തിലാക്കാൻ എന്തെങ്കിലും ഇടപെടൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>**ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ്**</u>

*126 **ശ്രീ. എം.വിജിൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിങ് ഫ്രെയിംവർക്ക്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിങ് ഫ്രെയിംവർക്ക് എന്നിവയുടെ 2024-25 വർഷത്തെ റാങ്കിംഗിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രകടനത്തെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുസർവകലാശാലകളുടെ റാങ്കിംഗ് മെച്ചപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എത്ര സർക്കാർ, എയ്ഡഡ് കോളേജുകൾ ആദ്യ നൂറ്, ഇരുനൂറ് റാങ്കുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കൂടുതൽ സ്ഥാപനങ്ങളെ റാങ്കിംഗിലും അക്രഡിറ്റേഷനിലും മുന്നോട്ട് കൊണ്ടുവരാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകാമോ?

## സമഗ്ര പേവിഷ പ്രതിരോധ വാക്സിനേഷൻ പദ്ധതി

*127 **ശ്രീ എം മുകേഷ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ സർക്കാർ സമഗ്ര പേ വിഷ പ്രതിരോധ വാക്സിനേഷൻ പ്രവർത്തന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വളർത്തുമൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനൊപ്പം തെരുവുനായകൾക്കും കുത്തിവെയ്പ്പ് നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(ബി) മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിന്റെ ഭാഗമായി ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് ഇത് എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കാമോ?

## സർവകലാശാലകളിലെ കോഴ്സുകളിൽ സീറ്റുകളിലെ ഒഴിവ്

*128 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാല് പ്രധാന സർവകലാശാലകളിലെ വിവിധ കോഴ്സുകളിൽ നിരവധി സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സർവകലാശാലകളിലെ കോഴ്സുകളിൽ വിദ്യാർത്ഥികൾ പഠിക്കാൻ എത്താത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

*129 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽസംസ്ഥാനങ്ങളിൽ നിന്നും ദിനംപ്രതി കൊണ്ടുവരുന്ന പച്ചക്കറിയുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം കൊണ്ടുവരുന്ന പച്ചക്കറികളിൽ അമിതമായ കീടനാശിനിയുടെ സാന്നിധ്യം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

**<u>പുതിയ തലമുറയുടെ അഭിരുചിക്കനുസൃതമായ കോഴ്സുകൾ</u>**

*130 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജോലി സാധ്യത മുൻനിർത്തി കോഴ്സുകൾ ആരംഭിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ തലമുറയുടെ അഭിരുചിക്കനുസൃതമായി ജോലി സാധ്യത മുൻനിർത്തി കോഴ്സുകൾ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ഉപരിപഠനത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്ത് പോകുന്ന പ്രവണത</u>**

*131 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കോളേജുകൾ തിരഞ്ഞെടുക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) അതിനുള്ള കാരണത്തെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>നാളികേര കർഷകർക്ക് പ്രയോജനം ലഭ്യമാക്കാൻ നടപടി</u>**

*132 **ശ്രീമതി കെ. കെ. രമ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തേങ്ങയ്ക്കും വെളിച്ചെണ്ണയ്ക്കും വില ഉയർന്നു നിൽക്കുമ്പോൾ അതിന്റെ പ്രയോജനം നാളികേര കർഷകർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) നാളികേര ഉല്പാദനം ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഈ സാഹചര്യത്തിൽ നാളികേര ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് കർഷകർക്ക് പ്രയോജനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ നടപടി

*133 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി.യുടെ വരുമാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കെ. എസ്. ആർ. ടി. സി.യിൽ പ്രതിദിന ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി

*134 **ശ്രീ വി ജോയി**
**ശ്രീ എം നൗഷാദ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 2016 മുതൽ നാളിതുവരെ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഇതിലൂടെ എത്ര പേരെ പുനരധിവസിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2011-2016 കാലഘട്ടത്തിൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) 2016-ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടലാക്രമണത്താൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>കേന്ദ്ര സർക്കാരിന്റെ ബ്ലൂ.ഇക്കോണമി നയം</u>**

*135 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി നയത്തിന്റെ ഭാഗമായി ആഴക്കടലിൽ നിന്ന് വ്യാവസായികാടിസ്ഥാനത്തിൽ മത്സ്യം പിടിക്കാൻ നീക്കം നടത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കപ്പലുകൾക്ക് മത്സ്യം പിടിക്കാൻ അനുമതി നൽകുന്നത് ചെറുകിട ബോട്ടുടമകൾക്ക് മത്സ്യലഭ്യത കുറയ്ക്കാൻ ഇടയാക്കുമെന്ന ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വൻകിട കമ്പനികളുടെ മത്സ്യബന്ധനം സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ജൈവകൃഷി മിഷന്റെ പ്രവർത്തനങ്ങൾ</u>**

*136 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ തുടങ്ങിയവ ലക്ഷ്യമിട്ട് ജൈവകൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്ന മറ്റ് കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ജൈവകൃഷി മിഷന്റെ ഭാഗമായി ജൈവകൃഷി വ്യാപകമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(സി) ജൈവകൃഷിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന വിവിധ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും മിഷന്റെ ഭാഗമാക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ജൈവകൃഷി മിഷന്റെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് കൃഷി മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

**<u>പോഷക സമൃദ്ധി മിഷൻ</u>**

*137 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക പാരിസ്ഥിതിക പ്രശ്നങ്ങളെ അടിസ്ഥാനമാക്കി പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകമായി പോഷക സമൃദ്ധി മിഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മിഷൻ രൂപീകരണത്തിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എത്ര കുടുംബങ്ങളെ മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്; ഇതിനകം എത്ര കുടുംബങ്ങളെ ഇതിന്റെ ഭാഗമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) കാർഷിക, പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി പ്രത്യേകമായി ന്യൂട്രീഷൻ പ്ലേറ്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## <u>സർവകലാശാലകളിലെ പഠന-ഗവേഷണ നിലവാരം</u>

*138 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ പഠന-ഗവേഷണ നിലവാരം ലോകോത്തരമാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പഠന-ഗവേഷണ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദേശ സർവകലാശാലകളും ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) റീബിൽഡ് കേരള പദ്ധതിയുമായി സംയോജിച്ചുള്ള വികസന പുരോഗതിക്ക് ആക്കം കൂട്ടുന്ന വിധം പ്രസ്തുത ഗവേഷണ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഗതാഗത രംഗത്ത് കൈവരിച്ച നേട്ടങ്ങൾ</u>

*139 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗതാഗത രംഗത്ത് നിലവിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഗ്രാമീണ പാതകളിൽ സ്വകാര്യ ബസുകൾക്ക് ഉൾപ്പെടെ അനുമതി നൽകി യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന പുതിയ നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

*140 **ശ്രീ എം രാജഗോപാലൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായുള്ള നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ടോ; ഇതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതൊക്കെ ഭിന്നശേഷി വിഭാഗങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിയുടെ പ്രീമിയം തുക ഗുണഭോക്താക്കൾ അടയ്ക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി

*141 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാമാറ്റം നിമിത്തം കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

## വയോജന കമ്മീഷൻ

*142 **ശ്രീമതി ദെലീമ**

**ശ്രീ. എം. എം. മണി**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**

**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വയോജന കമ്മീഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) രാജ്യത്ത് ആദ്യമായിട്ടാണോ ഇത്തരത്തിൽ ഒരു കമ്മീഷന് രൂപം കൊടുത്തതെന്ന് വ്യക്തമാക്കാമോ; കമ്മീഷന്റെ ഘടന വിശദമാക്കാമോ;

(സി) പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**<u>കേരള യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് 2025</u>**

*143 **ശ്രീ. എൻ. കെ. അക്ബർ**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീ. പി.പി. ചിത്തരഞ്ജൻ**

**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവിൽ (ബ്ലൂ ടൈഡ്സ് ) എന്തെല്ലാം സഹകരണവും നിക്ഷേപവുമാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികളാണ് കോൺക്ലേവിൽ പങ്കെടുത്തിട്ടുള്ളത്; വിശദമാക്കാമോ;

(സി) എന്തെല്ലാം പദ്ധതികളാണ് കോൺക്ലേവിൽ മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>കേരളഗ്രോ ബ്രാൻഡ്</u>**

*144 **ശ്രീ വി ശശി**

**ശ്രീ ഇ ചന്ദ്രശേഖരൻ**

**ശ്രീമതി സി. കെ. ആശ**

**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങൾക്ക് മൂല്യ വർദ്ധനവിലൂടെ കൂടുതൽ മെച്ചപ്പെട്ട വിപണി ലഭ്യത ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കർഷകരുടെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിലൂടെ വിപണനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉല്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡ് ലഭ്യമാകുവാൻ കർഷകർ എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ബ്രാൻഡിലൂടെ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) പ്രസ്തുത ബ്രാൻഡിലൂടെ വിപണനം നടത്തുന്ന ഉല്പന്നങ്ങളുടെ വില്പനയ്ക്കായി കൂടുതൽ കേരളഗ്രോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗവേഷണം ശക്തിപ്പെടുത്താൻ നടപടി</u>**

*145 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗവേഷണ രംഗം അടിസ്ഥാനമേഖലകളായ ആരോഗ്യം, കൃഷി, വ്യവസായം എന്നിവയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന തരത്തിൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണ ഫലങ്ങൾ പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സാങ്കേതികവിദ്യ അധിഷ്ഠിതമായ ഉല്പന്നങ്ങൾ വികസിപ്പിച്ച് സംരംഭകത്വ ഇക്കോ സിസ്റ്റം രൂപപ്പെടുത്തുന്നതിന് ഗവേഷണരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് വിദ്യാഭ്യാസവും തൊഴിലും തമ്മിൽ സുശക്തമായ ബന്ധം രൂപപ്പെടുത്തിയെടുക്കുന്നതിന് നടത്തിയിട്ടുള്ള ഇടപെടലുകൾ വ്യക്തമാക്കാമോ?

**<u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി</u>**

*146 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാൻസിലറായ ഗവർണ്ണറും സർക്കാരും തമ്മിലുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങളും അതിനെത്തുടർന്നുള്ള സമരങ്ങളും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ എത്തരത്തിലാണ് ബാധിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യമുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

**<u>വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി</u>**

*147 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവകലാകാരന്മാരെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ കലാഭിരുചി വർദ്ധിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പു മുഖേന സർക്കാർ നടപ്പിലാക്കുന്ന വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കലാകാരന്മാർക്ക് എത്ര തുകയാണ് ഹോണറേറിയമായി നൽകിവരുന്നത്; ഇതിനായി എത്ര തുക ബജറ്റിൽ നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ എത്ര കലാകാരന്മാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>ഗുണമേന്മയുള്ള കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി</u>**

*148 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് ഗുണമേന്മയുള്ള കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കേണ്ടതിന്റെയും കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിന് പദ്ധതികൾ വിഭാവനം ചെയ്യേണ്ടതിന്റെയും ആവശ്യകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വർദ്ധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സെക്സ് സോർട്ടഡ് സെമൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജദാന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് കന്നുകാലി വംശാവലി വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ കന്നുകാലികളെ തിരഞ്ഞെടുത്ത് ജനിതക മികവ് കണ്ടെത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജീനോമിക് ലാബ് സജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മത്സ്യ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>**

*149 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സർക്കാർ സഹായത്താൽ എത്ര മത്സ്യ വിപണന യൂണിറ്റുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇത്തരം യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇവയെല്ലാം ഒരുമിപ്പിച്ച് ഒരു വിപണന ശൃംഖലയും മത്സ്യത്തൊഴിലാളികൾക്ക് ന്യായവിലയും ഉപഭോക്താക്കൾക്ക് ഗുണമേന്മയും ഉറപ്പാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ലക്ഷ്യമിടുന്നുണ്ടെന്ന് വിശദമാക്കാമോ?

## <u>മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം</u>

*150 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും പുതിയ തുറമുഖങ്ങളുടെ നിർമ്മാണത്തിനും വേണ്ടി ഈ സർക്കാർ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാടുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷക്കാലം നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തീരദേശ മേഖലയിൽ മത്സ്യബന്ധന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി നടപ്പിലാക്കിയ വിദ്യാതീരം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 20, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].